**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **29-01-2024 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | താത്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ; | (എ) | ചെറുപുഴ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സർവ്വെ നമ്പർ 68/1 ലെ 9 ആർ 20 സ്ക്വയർ മീറ്റർ ഭൂമി വിട്ടു നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയോട് അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ആഭ്യന്തര വകുപ്പിന് വിട്ടു നൽകുന്നതിന് ചെറുപുഴ ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുമുണ്ട്.<br><br>ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2024-2025 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | (ബി) | എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ